## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 12** 28.10.2019 -ൽ മറുപടിക്ക്.

### മുൻഗണനാ ലിസ്റ്റിന്റെ ശുദ്ധീകരണ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി<br>ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള മുൻഗണനാ ലിസ്റ്റിന്റെ ശുദ്ധീകരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;<br><br>(ബി) മറ്റ് വകുപ്പുകളുടെ ഡേറ്റയുമായി ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബാംഗങ്ങളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(സി) കൂടുതൽ അനർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; മൂന്ന് മാസത്തിലധികമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് പരിശോധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) ഗുരുതര രോഗബാധിതരെയും അടിയന്തിര ചികിത്സ ആവശ്യമുള്ളവരെയും മാനുഷിക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ)<br>(ബി)<br>(സി)<br>(ഡി)<br>യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്.<br><br>മുൻഗണനാ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.17 ലെ സ.ഉ (സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.<br><br>സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും സ്വന്തമായി നാലു ചക്ര വാഹനങ്ങൾ ഉള്ളവരുടെ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭ്യമാക്കുകയും ടി ഡേറ്റകളുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുകയും ഫീൽഡ്തല പരിശോധനകളിലൂടെ അനർഹമാണെന്ന് ബോധ്യപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.<br><br>പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികകളിൽ ഏതാനും താലൂക്കുകൾ ഒഴികെ മറ്റ് താലൂക്കുകളിലെ പട്ടികകളിൽ നിന്നും മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി |

കഴിഞ്ഞു. രണ്ടാം ഘട്ടമെന്ന നിലയിൽ വീണ്ടും അപേക്ഷകൾ സ്വീകരിച്ച് പരിശോധനകൾ നടത്തി സാദ്ധ്യത പട്ടിക തയ്യാറാക്കി വരുന്നു.

ഇതിനു പുറമേ മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും കുടുംബത്തിലെ ആർക്കെങ്കിലും മാരക രോഗങ്ങളായ എയ്ഡ്സ്,ക്യാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായം ഇല്ലാതെ ജീവിക്കാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവയിൽ ഏതെങ്കിലും ഉള്ള പക്ഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കാർഡ് നൽകി വരുന്നു. ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ട ഗുരുതര രോഗ ബാധിതർക്കും അടിയന്തിര ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന സീൽ പതിച്ച് മുൻഗണനാ വിഭാഗത്തിനുള്ളത് പോലെ ചികിത്സാ ആനുകൂല്യങ്ങൾ നൽകി വരുന്നു. ഇത്തരത്തിൽ ഗുരുതരമായ രോഗങ്ങൾ, അടിയന്തിര ചികിത്സ ആവശ്യമുള്ളവർ എന്നിവർക്ക് മാനുഷിക പരിഗണന നൽകി മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി വരുന്നു.

കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു. കൂടാതെ വസ്തുതകൾ മറച്ച് വച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. 2019 സെപ്റ്റംബർ മാസം 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### സ്ഥിരമായി 3 മാസം റേഷൻ വിഹിതം കൈപ്പറ്റാത്തവർ (മെയ് - ജൂലൈ, 2019)

| നം | ജില്ല | മുൻഗണനാ വിഭാഗം | എ.എ.വൈ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 8294 | 844 | 9138 |
| 2 | കൊല്ലം | 5803 | 526 | 6329 |
| 3 | പത്തനംതിട്ട | 2458 | 268 | 2726 |
| 4 | ആലപ്പുഴ | 3498 | 447 | 3945 |
| 5 | കോട്ടയം | 2818 | 355 | 3173 |
| 6 | ഇടുക്കി | 3131 | 526 | 3657 |
| 7 | എറണാകുളം | 7049 | 483 | 7532 |
| 8 | തൃശ്ശൂർ | 4495 | 583 | 5078 |
| 9 | പാലക്കാട് | 5168 | 605 | 5773 |
| 10 | മലപ്പുറം | 3163 | 310 | 3473 |
| 11 | കോഴിക്കോട് | 2758 | 258 | 3016 |
| 12 | വയനാട് | 698 | 335 | 1033 |
| 13 | കണ്ണൂർ | 2365 | 375 | 2740 |
| 14 | കാസർഗോഡ് | 1010 | 89 | 1099 |
| **ആകെ** | | **52708** | **6004** | **58712** |

സെക്ഷൻ ഓഫീസർ